# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ടി.എസ്.ആർ(പി10)1195/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 26/09/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി10)1195/2023 തീയ്യതി: 26/09/2023

## തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുധാ ദാസ് | ജോയന്റ് ഡയറക്ടർ | 05-07-2023 | 11-07-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-07-2023 | 11-07-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന കെ. ടി, ഓഡിറ്റ് ഓഫീസർ
ശ്രീ. സിജു പി ഡാംസൺ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജയൻ വി. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വേണു കണ്ഠരു മഠത്തിൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. രാധാമണി. സി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രതീഷ്.പി.ബി | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. ഷാജു യു .വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 11-10-2022 |
| ശ്രീ.അനൂപ് കെ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 12-10-2022 | 23-11-2022 |
| ശ്രീ.ജോബിൻ ജോസ് സാമുവൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 24-11-2022 | 31-03-2023 |
| ശ്രീമതി മിനി ജോസഫ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 03-10-2022 |
| ശ്രീമതി.ലാൽസുന | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 04-10-2022 | 31-03-2023 |
| ഡോ. സജീവൻ കെ എം | മെഡിക്കൽ ഓഫീസർ/സൂപ്രണ്ട്, സി എച്ച്.സി | 01-04-2022 | 25-05-2022 |
| ഡോ. ഷോബി ജോർജ് | മെഡിക്കൽ ഓഫീസർ/സൂപ്രണ്ട്, സി എച്ച്.സി | 26-05-2022 | 31-05-2022 |
| ഡോ. സജീവൻ കെ എം | മെഡിക്കൽ ഓഫീസർ/സൂപ്രണ്ട്, സി എച്ച്.സി | 01-06-2022 | 31-03-2023 |
| ശ്രീമതി . സുരജ പി.കെ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സൗമ്യ വർഗ്ഗീസ് | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷെർലി. എം.പി | ഐ സി ഡി എസ് അഡീഷണൽ | 01-04-2022 | 31-03-2023 |
| ശ്രീ.സെബിൻ.പി.എഫ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജയന്തി ടി ടി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 01-11-2022 |
| ശ്രീമതി.പ്രീത പി വി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 02-11-2022 | 30-12-2022 |
| ശ്രീമതി. ലിസ്സി പി ഡി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 31-12-2022 | 31-03-2023 |
| ശ്രീമതി.ജയന്തി ടി ടി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 01-11-2022 |
| ശ്രീമതി.പ്രീത പി വി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 02-11-2022 | 30-12-2022 |
| ശ്രീമതി. ലിസ്സി പി ഡി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 31-12-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിലെ അപാകങ്ങൾ | 1-1-3 |
| 5 | പ്രൊവിഷൻ രേഖപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-1-4 |
| 6 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-5 |
| 7 | മൂലധനച്ചെലവുകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല | 1-1-6 |
| 8 | ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല | 1-1-7 |
| 9 | അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല | 1-1-8 |
| 10 | MPLAD അക്കൗണ്ടിന്റെ വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-9 |
| 11 | ACR പ്രകാരമുള്ള അലോട്ട്മെന്റ് തുക സുലേഖ പത്രികയിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-11 |
| 13 | ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 20 | മാനുവൽ രസീതു പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-8 |
| 21 | ബ്ലോക്ക്പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടകയുമായി ബന്ധപ്പെട്ട അപാകതകൾ | 1-9 |
| 22 | ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പടുതാക്കുളത്തിലെ മത്സ്യക്കൃഷി പദ്ധതി- ഗുണഭോക്താക്കൾ വ്യാജ ഇൻവോയ്സുകൾ ഹാജരാക്കി സബ്സിഡി തുക കൈപ്പറ്റി. സബ്സിഡി നൽകിയ 59200 രൂപ നിരാകരിക്കുന്നു | 1-10 |
| 23 | എച്ച്.എം.സി വാർഷികകണക്കുകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ് | 1-11 |
| 24 | കമ്മിറ്റി തീരുമാനങ്ങളുടെ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് | 1-12 |
| 25 | എം.ജി.എൻ .ആർ.ഇ.ജി.എസ് സ്റ്റേറ്റ് മിഷനിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-13 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പടുതാക്കുളത്തിലെ മത്സ്യക്കൃഷി പദ്ധതി- ഗുണഭോക്താക്കൾ വ്യാജ ഇൻവോയ്സുകൾ ഹാജരാക്കി സബ്സിഡി തുക കൈപ്പറ്റി.സബ്സിഡി നൽകിയ 59200 രൂപ നിരാകരിക്കുന്നു | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് തൻ വർഷം ലഭിച്ച ഫണ്ടുകൾ വിനിയോഗിക്കാതെ | 4-1 |

| | | |
|---|---|---|
| | അവശേഷിക്കുന്നവയുടെ വിവരങ്ങൾ | |
| 2 | ഡെപ്പോസിറ്റ് വർക്കിനു തൻവർഷം നൽകിയ തുകകൾ വിനിയോഗിക്കാൻ അവശേഷിക്കുന്നവയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 17.05.2023 തീയതിയിലെ 3(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26.05.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 26.09.2023**

**ജോയിന്റ് ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

## 1-1-1 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)}(ഓഡിറ്റ് എൻക്വയറി നമ്പർ 4/10.07.23)

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ

തയ്യാറാക്കുന്നത്.
(ഓഡിറ്റ് എൻക്വയറി നമ്പർ 4/10.07.23)

**1-1-3 ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിലെ അപാകങ്ങൾ**

31/03/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം Plant & Machinery എന്ന ആസ്തികൾക്ക് 45,400/- രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/03/2023 ലെ Accumalated Depreciation 45,400/- രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതലോ, അതേ തുക തന്നെയോ തേയ്മാന ചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ (I-17(a)) പ്രകാരം 21,54,022/- രൂപ ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ വർക്ക് ഷീറ്റ് പ്രകാരം 22,71,701/- രൂപയാണ് കണക്കാക്കിയിരിക്കുന്നത്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വർക്ക്ഷീറ്റ് പ്രകാരം Vehicles എന്നയിനത്തിന് 1,29,981/- രൂപ Depreciation കണക്കാക്കിയിരിക്കുന്നത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. Accumulated Depreciation എന്നയിനത്തിൽ ക്രെഡിറ്റിൽ തുക രേഖപ്പെടുത്തേണ്ടതിന് പകരം 272500101 എന്ന ശീർഷകത്തിൽ Depreciation – Vehicles എന്നയിനത്തിൽ 1,29,981/- രൂപ ക്രെഡിറ്റിലും ഡെബിറ്റിലും രേഖപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ ഫലത്തിൽ ഈയിനത്തിലെ തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

Movable Asset Furtniture & Fittings എന്നയിനത്തിന് വർക്ക്ഷീറ്റ് പ്രകാരം 715770/- രൂപ കണക്കാക്കിയിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ 729216/- രൂപയാണ് ചേർത്തിരിക്കുന്നത്.
(ഓഡിറ്റ് എൻക്വയറി നമ്പർ 4/10.07.23)

**1-1-4 പ്രൊവിഷൻ രേഖപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ 2,35,915/- രൂപ കുടിശ്ശിക ഉണ്ട്. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ (I-16) 57,861 രൂപ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 4/10.07.23)

**1-1-5 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 48,06,423/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 67,54,556/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 4/10.07.23)

**1-1-6 മൂലധനച്ചെലവുകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല**

31/03/2022 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് (91274038 രൂപ) 31/03/2023 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന

ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 4/10.07.23)

**1-1-7 ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല**

ബാലൻസ് ഷീറ്റ് B-7 പ്രകാരം അവശേഷിക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ മുൻബാക്കിയും തൻവർഷവിവരങ്ങളും മാത്രമാണ് ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മുൻബാക്കിയുടെ വിശദ വിവരങ്ങൾ (ആരിൽ നിന്ന് തുക സ്വീകരിച്ചു, റസീറ്റ് നമ്പർ, തീയതി തുടങ്ങിയവ) ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 4/10.07.23)

**1-1-8 അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല**

ബാലൻസ് ഷീറ്റ് B-18 പ്രകാരം 1,81,419/- രൂപ Advance To Implementing Agencies എന്നയിനത്തിൽ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് നൽകിയതിൽ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. മുൻവർഷവും ഇതേ തുക തന്നെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ മുൻബാക്കിയായി ഈ തുക രേഖപ്പെടുത്തിയിരിക്കുന്നതല്ലാതെ ആയതിന്റെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവുകളുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ബാലൻസ് ഷീറ്റിൽ Other Advances എന്നയിനത്തിൽ MNREGS നായി അഡ്വാൻസ് ഇനത്തിൽ നൽകിയ തുകകൾ ക്രമീകരിക്കാനായി അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.
(ഓഡിറ്റ് എൻക്വയറി നമ്പർ 4/10.07.23)

**1-1-9 MPLAD അക്കൗണ്ടിന്റെ വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

MPLAD നായി ചാലക്കുടി കേരള ഗ്രാമീൺ ബാങ്കിൽ 40265100101032 നമ്പർ അക്കൗണ്ടിൽ 10,764.50 രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 4/10.07.23)

**1-1-10 ACR പ്രകാരമുള്ള അലോട്ട്മെന്റ് തുക സുലേഖ പത്രികയിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല**

ACR പ്രകാരം വികസന ഫണ്ട് (ജനറൽ) ഇനത്തിൽ 2,26,28,680/- രൂപ വിവിധ നിർവ്വഹണോദ്യോഗസ്ഥർക്ക് അലോട്ട്മെന്റ് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സുലേഖ പത്രിക പ്രകാരം 2,23,81,327/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.
പ്രൊജക്ട് നമ്പർ 162, സമേതം – ജില്ലാ വിദ്യാഭ്യാസ പദ്ധതി വിഹിതം നൽകൽ (തുക – 1,97,353/-), പ്രൊജക്ട് നമ്പർ 136, കാൻ –ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ (തുക –50,000/-) എന്നിവ സുലേഖ പത്രികയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. തുകയിൽ വ്യത്യാസം വന്നതിന്റെ വിവരത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 4/10.07.23)

**1-1-11 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യു വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും).
(ഓഡിറ്റ് എൻക്വയറി നമ്പർ 4/10.07.23)

**1-1-12 ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരം 410300301- Culverts എന്നയിനത്തിൽ 7,93,750/- രൂപയുടെ ആസ്തി ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി അല്ലാത്തതിനാൽ വാർഷിക കണക്കിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 4/10.07.23)

**1-2 ബജറ്റ്**

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 26.03.2022 തീരുമാനം നം.1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | **വരവ്** | **ചെലവ്** |
| | 27,05,081,58 | 27,03,36,199 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 01.03.2023, തീരുമാനം 4(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | **വരവ്** | **ചെലവ്** |
| | 23,64,89,341 | 23,69,52,709 |

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 23224668.38 |
| വരവ് | 76636129.00 |
| ആകെ | 99860797.38 |
| ചെലവ് | 71829706.00 |
| നീക്കിയിരിപ്പ് | 28031091.38 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 30790332 | 30790332 | 22628680 | 8161652 |
| വികസന ഫണ്ട് – എസ്.സി.പി (ACR പ്രകാരം) | 0 | 15902000 | 15902000 | 11183734 | 4718266 |
| വികസനഫണ്ട് ടി.എസ്.പി (ACR പ്രകാരം) | 0 | 3467668 | 3467668 | 1994844 | 1472824 |
| മെയിന്റനൻസ് ഫണ്ട് നോൺ - റോഡ് (ACR പ്രകാരം) | 0 | 9505000 | 9505000 | 4503714 | 5001286 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) (ICICIബാങ്ക്) | 4205216 | 7736000 | 11941216 | 3029535 | 8911681 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 3525462 | 5157000 + പലിശ 461621 ആകെ 5618621 | 9144083 | 4866882 | 4277201 |

| | | | | | |
|---|---|---|---|---|---|
| (അൺടൈഡ്) (ICICI ബാങ്ക്) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) (സഞ്ചിത നിധി) | 0 | 2244991 | 2244991 | 419871 | 1825120 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) (സഞ്ചിത നിധി) | 0 | 3196841 | 3196841 | 2731066 | 465775 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 184 | 119144161 | 93 | 57569677 | 48.32% | 50.54% |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.07.2023 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം കളക്ഷൻ ഇല്ല എന്നത് ബോധ്യപ്പെട്ടിട്ടുണ്ട്.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-8 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-8 മാനുവൽ രസീതു പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 83 ൽ പഞ്ചായത്തിൽ രസീത് പുസ്തകങ്ങൾ ലഭിച്ച ഉടനെ എണ്ണുകയും നമ്പറടിക്കുകയും ഫോറങ്ങൾക്കുള്ള സ്റ്റോക്ക് രജിസ്റ്ററിൽ എഴുതി ചേർക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്റ്റോക്ക് ബുക്ക് പ്രതിവർഷം പരിശോധിക്കേണ്ടതും സ്റ്റോക്കിലെ വിവരങ്ങൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ മാനുവൽ രസീതു പുസ്തകങ്ങൾക്കുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രസീതുകളുടെ പരിശോധനയ്ക്കായ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ടെണ്ടർ ഫോമിന്റെ വില കളക്റ്റു ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ 725,779 എന്നീ നമ്പറുകളിലുള്ള മാനുവൽ രസീതു പുസ്തകങ്ങൾ ഹാജരാക്കിയിരുന്നു. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ മാന്വൽ രസീതു പുസ്തകങ്ങളുടെ ഉപയോഗം, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ചട്ടപ്രകാരം രസീതു പുസ്തകങ്ങൾക്കായുള്ള സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 1-9 ബ്ലോക്ക്പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടകയുമായി ബന്ധപ്പെട്ട അപാകതകൾ

ലഭ്യമാക്കിയ വാടക രജിസ്റ്റർ പ്രകാരം 13 കെട്ടിടങ്ങൾ/ മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്.

1) ഡിമാന്റ് രജിസ്റ്ററിൽ ഡി സി ബി എഴുതി തയ്യാറാക്കിയിട്ടില്ല.

2) കരാർ കാലാവധി കഴിഞ്ഞിട്ടും കരാർ പുതുക്കാതെ കെട്ടിടങ്ങൾ വാടകയ്ക്കു നൽകി.

| ക്രമ നമ്പർ | കെട്ടിടം | വാടകക്കാരന്റെ പേര് |
|---|---|---|
| 1 | അനക്സ് ബിൽഡിങ്ങ് XXI/417 | ആന്റോ |

| | | |
|---|---|---|
| | B | ഉതുപ്പ്,നെറ്റിക്കാടൻ, മേലൂർ |
| 3 | അനക്സ് ബിൽഡിങ്ങ് XXI/417 C | സൗമ്യ മോഹനൻ, എളംകുറ്റിയിൽ, അഷ്ടമിച്ചിറ |
| 5 | അനക്സ് ബിൽഡിങ്ങ് XXI/417 G | വേലായുധൻ, എലിഞ്ഞിപ്ര |
| 6 | അനക്സ് ബിൽഡിങ്ങ് XXI/417 H | ജോയ് എം. എ, മാളിയേക്കൽ, മുരിങ്ങൂർ |
| 7 | - | ബേബി ക്രഷ് |
| 8 | 5/360A, അന്നനാട് | പ്രതീക്ഷ കോട്ടൺ ബാഗ് |
| 9 | 5/360B, അന്നനാട് | സ്വാശ്രയ കർഷക സമിതി |

3) ഓഡിറ്റ് വർഷം വാടക കുടിശ്ശികയുള്ള കെട്ടിടങ്ങളുടെ വിവരം ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടം | കുടിശ്ശിക വിവരം |
|---|---|---|
| 1 | അനക്സ് ബിൽഡിങ്ങ് XXI/417 B | 8595 |
| 2 | അനക്സ് ബിൽഡിങ്ങ് XXI/417 E | 145200 |
| 3 | അനക്സ് ബിൽഡിങ്ങ് XXI/417H | 97423 |

4) ബ്ലോക്ക്പഞ്ചായത്ത് അനക്സ് ബിൽഡിങ്ങിലെ റൂം നമ്പർ 417E, 417F, വനിതാ ഇൻഡസ്ട്രിയൽ ബിൽഡിംഗ് കൂവക്കാട്ടുകുന്ന്, പോട്ട വനിതാ ഹോസ്റ്റൽ എന്നിവ ഒഴിഞ്ഞു കിടക്കുന്നു.
രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തൽ വരുത്തേണ്ടതും, ഡി.സി.ബി തയ്യാറാക്കേണ്ടതുമാണ്. കെട്ടിടം ലേലം കൊണ്ടവരുമായി കരാർ വയ്ക്കുന്നതിനും, കെട്ടിടം അതേ കരാറുകാർക്കു വാടകയ്ക്കു നൽകുന്ന സന്ദർഭത്തിൽ കരാർ കൃത്യമായി പുതുക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾ വാടകയ്ക്കു നൽകുന്നതിന് ലേലനടപടികൾ സ്വീകരിച്ച് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. കുടിശ്ശിക വരുത്തിയ വാടകക്കാരിൽ നിന്നും പലിശ സഹിതം വാടക കുടിശ്ശിക പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

**1-10 ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പടുതാക്കുളത്തിലെ മത്സ്യക്കൃഷി പദ്ധതി- ഗുണഭോക്താക്കൾ വ്യാജ ഇൻവോയ്സുകൾ ഹാജരാക്കി സബ്സിഡി തുക കൈപ്പറ്റി. സബ്സിഡി നൽകിയ 59200 രൂപ നിരാകരിക്കുന്നു**

| | |
|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | **സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്** |
| **പദ്ധതി നമ്പർ/പേര്** | 199/23, പടുതാക്കുളത്തിൽ മത്സ്യക്കൃഷി |
| **അടങ്കൽ** | 118400 (വികസനഫണ്ട് പൊതു വിഭാഗം), 78400 (സംസ്ഥാനാവിഷ്കൃത ഫണ്ട്), 295200 (മറ്റുള്ളവ) ആകെ- 492000 രൂപ |
| **ചെലവ്** | 118400 (വികസനഫണ്ട് പൊതു വിഭാഗം) |
| **ഇ-ബിൽ വൗച്ചർ നമ്പർ** | 22200777/14.03.23, തുക-88800<br>22200776/15.03.23, തുക-29600 |
| **ഓഡിറ്റ് എൻക്വയറി നമ്പർ** | 01/06.07.23 |

മേൽ നമ്പർ പ്രകാരം പടുതാക്കുളത്തിൽ മത്സ്യക്കൃഷി എന്ന പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് സാമ്പത്തിക വർഷം നാലു ഗുണഭോക്താക്കൾക്കായി 29600 രൂപ വീതം 118400/- രൂപ സബ്സിഡി

നൽകിയ ഇനത്തിൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട താഴെ ചേർത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

മേൽ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ശ്രീ. ജോർജ്ജ് തുപ്പറമ്പൻ, ശ്രീമതി. ഷീല തുപ്പറമ്പൻ എന്നിവർ മത്സ്യക്കൃഷിയ്ക്കുള്ള അടിസ്ഥാന സൗകര്യം വികസനത്തിനായി തുക ചെലവഴിച്ചതിന്റെ വൗച്ചറുകൾ ഹാജരാക്കിയതിൽ ഈ രണ്ടു വ്യക്തികളുടെ പേരിലും നൽകിയിരിക്കുന്നത് ഒരേ നമ്പറും തുകയും തിയതിയും രേഖപ്പെടുത്തിയ ജി എസ് ടി ഇൻവോയ്സുകളാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നൽകിയിരിക്കുന്നത് | ബിൽ തുക | സ്ഥാപനം | ഇൻവോയ്സ് നമ്പർ, തിയതി |
|---|---|---|---|
| ഷീല ജോർജ്ജ്, തുപ്പറമ്പൻ ഹൗസ്, ചട്ടിക്കുളം | 10102 | Standard Electricals & Sanitaries, Chalakudy | 7582, 19.02.2022 |
| | 14868 | Foofishin, Aluva, Eranakulam | A0097, 20.09.22 |
| | 10810 | Matsyafed Net Factory, Kochi | MNFCH/GST/03552, 14.02.22 |
| ജോർജ്ജ്, തുപ്പറമ്പൻ ഹൗസ്, ചട്ടിക്കുളം | 10102 | Standard Electricals & Sanitaries, Chalakudy | 7582, 19.02.2022 |
| | 14868 | Foofishin, Aluva, Eranakulam | A0097, 20.09.22 |
| | 10810 | Matsyafed Net Factory, Kochi | MNFCH/GST/03552, 14.02.22 |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ Matsyafed Net Factory, Kochi യുമായി ഫോൺ മുഖേന ബന്ധപ്പെടുകയും Matsyafed Net Factory, Kochi എന്ന സ്ഥാപനം ഷീല ജോർജ്ജ്, ജോർജ്ജ് എന്നവരുടെ മകനായ ജെർലിൻ (റേഷൻ കാർഡ് പരിശോധിച്ചതു പ്രകാരം) എന്നയാൾക്കാണ് നൽകിയതെന്നു അറിയിക്കുകയും ഇൻവോയ്സ് ബിൽ തുക 1785 രൂപയുമാണ്. ഈ ബിൽ വാട്ട്സ് ആപ്പ് മുഖേന ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.

Standard Electricals & Sanitaries, Chalakudy എന്ന സ്ഥാപനവുമായി ഫോണിൽ ബന്ധപ്പെട്ടതിൽ നിന്നും ടി ഇൻവോയ്സ് നൽകിയിട്ടുള്ളത് ശ്രീമതി ഷീല ജോർജ്ജ് പേർക്കാണ്.

Foofishin, Aluva, Eranakulam എന്ന സ്ഥാപനത്തെ ഫോൺ മുഖേന ബന്ധപ്പെടാൻ കഴിഞ്ഞില്ല. Noble Tarpaulin Company യിൽ നിന്നും ജോർജ്ജ് ഹാജരാക്കിയ ഇൻവോയ്സ് ഷീല ജോർജ്ജിനു നൽകിയ അതേ ഇൻവോയ്സ് തന്നെയാണ്, ആയതിൽ പേരിലെ ഷീല എന്നത് മായ്ച്ചു കളഞ്ഞതിനു ശേഷം പകർപ്പ് എടുത്തിട്ടുള്ളതാണെന്ന് വ്യക്തമാണ്.

ഇതിൽ നിന്നും സബ്സിഡി ലഭ്യമാക്കുന്നതിനായി യഥാർത്ഥ ഇൻവോയ്സിൽ മാറ്റം വരുത്തി നിർവ്വഹണോദ്യോഗസ്ഥന് സമർപ്പിച്ചതായി അനുമാനിക്കാവുന്നതാണ്. ആയതിനാൽ മേൽ പട്ടികയിലെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ടി ഇൻവോയ്സുകളുടെ യാഥാർത്ഥ്യം അന്വേഷിച്ച് ഓഡിറ്റിന് അടിയന്തിരമായി മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി നം. 1/6.7.2023) ഗുണഭോക്താക്കൾക്ക് അബദ്ധം സംഭവിച്ചതാണെന്നും മകനാണ് മത്സ്യകൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്തതെന്നും മകൻ വിദേശത്താണെന്നും ബില്ലിലെ അപാകതകൾക്ക് മാപ്പ് അപേക്ഷിച്ചുകൊണ്ട് മറുപടി ഹാജരാക്കിയിട്ടുണ്ട്.
സബ്സിഡി തുക കൈപ്പറ്റുന്നതിനായി വ്യാജ ഇൻവോയ്സുകൾ ഹാജരാക്കി ബ്ലോക്ക് പഞ്ചായത്തിനെ കബളിപ്പിച്ച ജോർജ്ജ്, ഷീല ജോർജ്ജ് എന്നിവർക്ക് നൽകിയ സബ്സിഡി തുക 59200 രൂപ (29600 രൂപ വീതം) ഓഡിറ്റ് നിരാകരിക്കുന്നു. തുക തിരിച്ചു പിടിക്കേണ്ടതും വ്യാജ രേഖ ചമച്ചതിനു നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11 എച്ച്.എം.സി വാർഷികകണക്കുകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്

